2. പാമ്പാർ ജലവൈദ്യുത പദ്ധതി

ഈ പദ്ധതിക്കു വേണ്ടിയുള്ള ഒന്നാംഘട്ട പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്. മറ്റ് അനുമതികൾ നേടിയെടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫോറസ്റ്റ് ക്ലിയറൻസ്, എൻവയോൺമെന്റൽ റിപ്പോർട്ടും തയ്യാറാക്കുവാൻ M/s അഗ്രിക്കൾച്ചറൽ ഫിനാൻസ് കോർപ്പറേഷനനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

3. വാക്കല്ലാർ ജലവൈദ്യുത പദ്ധതി

പാരിസ്ഥിതിക റിപ്പോർട്ട് ഉൾപ്പെടെ ഫോറസ്റ്റ് പെർഫോർമ തയ്യാറാക്കുവാൻ M/s അഗ്രിക്കൾച്ചറൽ ഫിനാൻസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഓരോ പദ്ധതിയുടെയും 2008 വില നിലവാരം അനുസരിച്ച് നിർമ്മാണച്ചെലവ് താഴെ പറയുന്നവയാണ്.

പൂയംകുട്ടി ജലവൈദ്യുത പദ്ധതി – 1367.43 കോടി രൂപ

പാമ്പാർ ജലവൈദ്യുത പദ്ധതി – 225.40 കോടി രൂപ

വാക്കല്ലാർ ജലവൈദ്യുത പദ്ധതി – 152.50 കോടി രൂപ

(ഇ) ഈ പദ്ധതികൾ താഴെ കാണിച്ചിരിക്കുന്ന വർഷങ്ങൾ കൊണ്ട് പൂർത്തിയാക്കാൻ കഴിയും.

പൂയംകുട്ടി ജലവൈദ്യുത പദ്ധതി – 6 വർഷം

പാമ്പാർ ജലവൈദ്യുത പദ്ധതി – 4 വർഷം

വാക്കല്ലാർ ജലവൈദ്യുത പദ്ധതി – 4 വർഷം

കയർ പിരി തൊഴിലാളികളുടെ കൂലി വർദ്ധനവ്

22 (*442) ശ്രീ. കെ. അജിത് :
ശ്രീ. കെ. രാജു :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ മേഖലയിലെ കയർപിരി തൊഴിലാളികൾക്ക് കൂലി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ നിലവിലുണ്ടായിരുന്ന കൂലി എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) സഹകരണ സംഘങ്ങളിലെ ഇത്തരം തൊഴിലാളികൾക്ക് പ്രതിദിനം എത്ര രൂപ കൂലിയായി ലഭിക്കുന്നുണ്ട് ;

(സി) സഹകരണ മേഖലയിൽ ഉല്പാദിപ്പിക്കുന്ന കയർ സംഭരിക്കുന്നതുപോലെ ചെറുകിട സ്വകാര്യ ഉല്പാദകർ ഉല്പാദിപ്പിക്കുന്ന കയർ സംഭരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും ഒരേ വിധത്തിലുള്ള കൂലി കയർപിരി തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. ലഭ്യമായ കണക്കുകൾ പ്രകാരം ഏറ്റവും കുറഞ്ഞ കൂലി ലഭിക്കുന്നത് മലബാർ മേഖലയിലാണ്. ഇവിടെ സ്ത്രീ തൊഴിലാളികൾക്ക് ശരാശരി 30 രൂപയും പുരുഷ തൊഴിലാളികൾക്ക് 75 രൂപയുമാണ് ലഭിച്ചുവരുന്നത്. സഹകരണ മേഖലയിലെ തൊഴിലാളികൾക്ക് ലഭിച്ചുവരുന്ന 150 രൂപ കൂലി സ്വകാര്യ മേഖലയിലും നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അത്തരം സ്വകാര്യ സംരംഭകരുടെ കയർ, കയർഫെഡ് കയർവികസന. വകുപ്പിന്റെ നിബന്ധനകൾക്ക് അനുസൃതമായി ശേഖരിക്കുന്ന പദ്ധതിയാണിത്.

(ബി) 15-6-2010 മുതൽ 150 രൂപ ആയി സഹകരണ മേഖലയിലെ തൊഴിലാളികൾക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് 150 രൂപ കൂലി നൽകുന്ന സംരംഭകരുടെ കയർ കയർഫെഡ് മുഖാന്തിരം ശേഖരിക്കുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കയർ വികസന വകുപ്പ് അനുശാസിക്കുന്ന നിബന്ധനകൾ ഇവർ പാലിക്കണം. സ്വകാര്യ സംരംഭകർ തൊഴിലാളികളെ സംബന്ധിക്കുന്ന വിവരം ബന്ധപ്പെട്ട പ്രോജക്ട് ഓഫീസുകളിൽ രജിസ്റ്റർ ചെയ്യുകയും ഈ പദ്ധതിയിൽ ഭാഗഭാക്കാവുന്ന സ്വകാര്യ സംരംഭകർ അവരുടെ സ്ഥാപനത്തിൽ Muster Roll, കൂലി നൽകുന്ന വിവരം തുടങ്ങി എല്ലാ വിവരങ്ങളും സൂക്ഷിക്കേണ്ടതും കയർ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ, കയർഫെഡ് ഉദ്യോഗസ്ഥർ എന്നിവർ പരിശോധനയ്ക്ക് എത്തുമ്പോൾ നൽകേണ്ടതുമാണ്. കൂടാതെ ഈ പദ്ധതിയിൽ ഉൾപ്പെടുന്ന സംരംഭകർ പ്രത്യേക എഗ്രിമെന്റും നൽകേണ്ടതാണ്. പദ്ധതി നടത്തിപ്പിനായി എല്ലാ സർക്കിളിലും കയർ ഇൻസ്പെക്ടർ കൺവീനറായി കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയിൽ കയർഫെഡിന്റെ പ്രതിനിധി കൂടാതെ CITU, INTUC, AITUC പ്രതിനിധികളും അതാത് പ്രദേശങ്ങളിൽ ദേശീയ അംഗീകാരമുള്ള മറ്റ് ട്രേഡ് യൂണിയനുകളുടെ ഓരോ പ്രതിനിധിയും ഉൾപ്പെടുന്നതാണ്. സ്വകാര്യ ഉൽപ്പാദകരിൽ നിന്നും കയർഫെഡ് ഒരു സർക്കിളിൽ ഒരു സെന്ററിലൂടെയെങ്കിലും കയർ ശേഖരിക്കുന്നതുമാണ്.

വൈദ്യുതി ഓംബുഡ്സ്മാൻ രൂപീകരിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

23 (*443) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ഓംബുഡ്സ്മാൻ രൂപീകരിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly